പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.157 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**കഞ്ചാവ്, മയക്കമരുന്നുകൾ എന്നിവയാൽ വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.ബഷീർ<br>,, മഞ്ഞളാംകുഴി അലി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കഞ്ചാവ്, മയക്കമരുന്നുകൾ എന്നിവ നേരിട്ടും ആഹാരപദാർത്ഥങ്ങളിൽ ചേർത്തും ഉപയോഗിക്കുന്നതുമൂലം വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്ത് ഇത്തരത്തിൽ കഞ്ചാവ്, മയക്കുമരുന്നുകൾ, എന്നിവ നേരിട്ടും ആഹാരപദാർത്ഥങ്ങളിൽ ചേർത്തും ഉപയോഗിക്കുന്നതുമൂലം വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര റെഗുലേഷന്റെ റൂൾ 2.3.4 പ്രകാരം രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും പുകയിലയും, നിക്കോട്ടിനും അടങ്ങിയ പാൻമസാല ഉൾപ്പെടെയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഇതിനകം നിരോധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 25.12.2012 ലെ *എ 1327/12/സി എഫ് എസ്* നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുകയിലയും, നിക്കോട്ടിനുമടങ്ങിയ പാൻമസാല തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾ അവ ഏത് പേരിലറിയപ്പെട്ടിരുന്നാലും അവയുടെ സംഭരണം, ഉൽപ്പാദനം, വിതരണം എന്നിവ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. |

<table>
<tr>
<td>ബി)</td>
<td>വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ ഉപഭോക്താക്കളാക്കാൻ സ്കൂൾ പരിസരങ്ങളിൽ മാഫിയകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;</td>
<td rowspan="2">ബി)<br>&<br>സി)</td>
<td rowspan="2">സ്കൂൾ, കോളേജ്പരിസരങ്ങളിൽ മയക്കുമരുന്ന് വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് മാഫിയതലത്തിലുള്ള പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ആരോഗ്യവകുപ്പും ആഭ്യന്തരവകുപ്പും സംയുക്തമായും അല്ലാതെയും ഇതിനെതിരെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സേഫ് കേരള പ്രോഗ്രാമും ആഭ്യന്തരവകുപ്പും ആരോഗ്യവകുപ്പും സംയുക്ത മായി സഹകരിച്ച് നടത്തുന്ന ക്ലീൻ കാമ്പസ്, സേഫ് കാമ്പസ് പദ്ധതികളും വിദ്യാർത്ഥികളെ മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടേയും പിടിയിൽ നിന്ന് മോചിപ്പിക്കുന്നതിനും, ലഹരി വിതരണ ശൃംഖലകളിൽ നിന്നും വിദ്യാലയങ്ങളെ മോചിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനു പുറമേ പുകയിലവിരുദ്ധ നിയമമായ COTPA (Cigarettes and Other Tobacco Products Act) നടപ്പിലാക്കുന്നതിലൂടെ ആരോഗ്യവകുപ്പ് ജീവനക്കാർ വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി ഉല്പന്നങ്ങൾ വിലക്കുന്നതും ഉപയോഗിക്കുന്നതും തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും മുൻകൈയെടുക്കുന്നു. വിവിധ ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പുകയിലയ്ക്കും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു.</td>
</tr>
<tr>
<td>സി)</td>
<td>ഇല്ലെങ്കിൽ ആവശ്യമായ പരിശോധന നടത്തി കർശന നടപടികൾ സ്വീകരിക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ